بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 01.05.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 01.05.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**റബ്ബുൽആലമീന്റെ പ്രതിച്ഛായയാകുന്നതിന് നിങ്ങൾ സ്വന്തംകൈകൊണ്ട് പ്രവർത്തിക്കേണ്ടതും സാധുക്കൾക്ക് സേവനം ചെയ്യേണ്ടതും നിർബന്ധമാണ്. സ്വന്തംകൈകൊണ്ട് സ്വന്തക്കാർക്കു മാത്രമല്ല മറിച്ച് അന്യർക്കും സേവനം ചെയ്യാൻ ശ്രമിക്കുക. ചിന്തിക്കുകയാണെങ്കിൽ ഇതിന് വലിയ വിശാലമായ ഫലങ്ങളാണുള്ളത്. അത് ജനതയെ പരസ്പരം ശക്തമായി ബന്ധിപ്പിക്കുന്നു. പരസ്പരം സേവനം ചെയ്യുന്നതുകൊണ്ട് മനോഹരമായ സമൂഹമായിത്തീരുന്നതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിത സംഭവങ്ങൾ വിവരിക്കുമ്പോൾ അതിൽനിന്ന് അതിസൂക്ഷ്മങ്ങളായ ഫലങ്ങൾ എടുക്കുന്നു. അത് ഒരു സത്യവിശ്വാസിയെ ഈമാനിന്റെ ശരിയായ വഴികളിലേക്കുള്ള വിവരങ്ങളും അടയാളങ്ങളും കൊടുത്ത് അല്ലാഹുവിനേയും ദീനിന്റെ യാഥാർഥ്യത്തേയും തിരിച്ചറിയുന്നവനും അതിന്റെ ഗ്രാഹ്യം പ്രാപിക്കുന്നവനും ആക്കുന്നു. ഒരിക്കൽ അവിടന്ന് തന്റെ പ്രസംഗത്തിൽ 'ആയത്തുൽ കുർസി'യുടെ വ്യാഖ്യാനം നല്കുകയായിരുന്നു. അതിന്റെ **ലഹൂ മാഫിസ്സമാവാത്തി വമാഫിൽഅർളി -മൻദല്ലദീ യശ്ഫഉ ഇൻദഹൂ ഇല്ലാ ബിഇദ്നിഹീ** എന്നഭാഗം വിശദീകരിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു പറയുന്നു:'ഇനി നിങ്ങൾ പറയുക!നിങ്ങളുടേത് ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാത്തിന്റേയും യജമാനനാകുമ്പോൾ അവനെതിരിൽ മറ്റാരെയെങ്കിലും എങ്ങനെയാണ് നിങ്ങൾക്ക് യജമാനനാക്കാൻ കഴിയുക. തങ്ങൾ ദൈവത്തെയല്ലാതെ പൂജിക്കുന്നില്ലെന്ന് ജനങ്ങൾ പറയുന്നു. അന്യദൈവങ്ങളെ ആരാധിക്കുന്നില്ല. അതെ! അവരെ വന്ദിക്കാറുണ്ട്.അവരോട് ഉദ്ദേശ്യങ്ങൾ ചോദിക്കാറുണ്ട്. അതായത് അവർ അല്ലാഹുവിന്റെ സമീപസ്ഥരാണ്. അവർ അല്ലാഹുവിന്റെ തിരുസന്നിധിയിൽ തങ്ങൾക്കുവേണ്ടി ശിപാർശ ചെയ്യുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, അല്ലാഹു പറയുന്നത് തന്റെ അനുവാദം കൂടാതെ ആർക്കും ശിപാർശ ചെയ്യാൻ സാധ്യമല്ലെന്നാണ്. അക്കാലഘട്ടത്തിൽ മസീഹ് മൗഊദിനെക്കാൾ വലിയ മനുഷ്യൻ ആരാണുള്ളത്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ മകൻ അബ്ദുർറഹീം ഖാൻ സുഖമില്ലാതായഘട്ടത്തിൽ ദുആ ചെയ്തപ്പോൾ ഇൽഹാമുണ്ടായി: 'ഇവൻ രക്ഷപ്പെടുകയില്ല.' അവിടന്ന് ചിന്തിച്ചു, നവാബ് സാഹിബ് തന്റെ എല്ലാം ഉപേക്ഷിച്ച് ഖാദിയാനിൽ വന്നതാണ്. അദ്ദേഹത്തിന്റെ മകൻ വഫാത്തായാൽ അദ്ദേഹത്തിന് പരീക്ഷണമാകുമോ? അതുകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ അപേക്ഷിച്ചു, ഇലാഹീ! ഈ കുട്ടിയുടെ ആരോഗ്യത്താനായി ഞാൻ ശിപാർശ ചെയ്യുന്നു. അപ്പോൾ ഇൽഹാമുണ്ടായി: **മൻദല്ലദീ യശ്ഫഉ ഇൻദഹൂ ഇല്ലാ ബി ഇദ്നിഹീ** എന്റെ അനുവാദം കൂടാതെ ശിപാർശ ചെയ്യാൻആരാണ്? നോക്കുക! ഹദ്റത്ത് മസീഹ് മൗഊദ്(അ)എത്ര വലിയ മനുഷ്യനായിരുന്നു. 1300 വർഷമായിട്ട് അദ്ദേഹത്തെ ലോകം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എന്നാൽ, അദ്ദേഹവും ശിപാർശ ചെയ്യുമ്പോൾ അല്ലാഹു പറയുന്നു, അനുവാദം കൂടാതെ ശിപാർശ ചെയ്യാൻ നീ ആരാണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: എനിക്ക് ഈ ഇൽഹാമുണ്ടായപ്പോൾ ഞാൻ താഴെ വീണു. ശരീരം വിറയ്ക്കാൻ തുടങ്ങി. എന്റെ ജീവൻതന്നെ പോകുമെന്നായി. എന്നാൽ, ഈ അവസ്ഥ ഉണ്ടായപ്പോൾ അല്ലാഹു പറഞ്ഞു, 'ശരി. നാം നിനക്ക് ശിപാർ നശ ചെയ്യാനുള്ള അനുവാദം തരുന്നു. ശിപാർശ ചെയ്തുകൊള്ളുക.' അങ്ങനെ അവിടന്ന് ശിപാർശ ചെയ്തു. അബ്ദുർറഹ്മാൻ ഖാൻ സുഖം പ്രാപിച്ചു. ആരോഗ്യവാനായി. ഇത് അല്ലാഹുവിന്റെ അനുഗ്രഹമായിരുന്നു. എന്നാൽ, ഈ ദുആ സ്വീകരിക്കപ്പെട്ടു. ശിപാർശ ചെയ്യാൻ അനുവാദം കിട്ടി. എന്നാൽ, മസീഹ് മൗഊദിനെപ്പോലുള്ള മനുഷ്യനോട് 'ശിപാർശ ചെയ്യാൻ നീ ആരാണ് എന്ന് അല്ലാഹു ചോദിക്കുമ്പോൾ' വലിയ ആളായി ചമഞ്ഞ് നടക്കുന്നവർക്ക് മറ്റാർക്കെങ്കിലും വേണ്ടി ശിപാർശ ചെയ്യാൻ എന്തു നിലയാണുള്ളത്? ഇക്കാര്യം എല്ലാ അഹ്മദികളും ഓർമവയ്ക്കേണ്ടതാണ്. അനുവാദമുള്ളവരുടെ ശിപാർശയായിരിക്കും സ്വീകരിക്കപ്പെടുക എന്നുതന്നെയാണ് അല്ലാഹു നബി(സ)തിരുമേനിയോടും പറഞ്ഞത്.

എങ്ങനെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ ശക്തിപ്രഭാവത്തിന്റെ അത്ഭുതങ്ങൾ കാണിക്കാറുണ്ടായിരുന്നത്. ഇതിന് ഒരു ഉദാഹരണം പറഞ്ഞുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചുമ പിടിപ്പെട്ടു. അദ്ദേഹത്തിന് മരുന്നും മറ്റും കൊടുക്കാനുള്ള സേവനം എനിക്കായിരുന്നു. അഭിപ്രായമെന്ന് നിലയിൽ ഇത് തിന്നരുത് അത് തിന്നരുത് എന്നൊക്കെ ഞാൻ പറയാറുമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫ ഔവ്വൽ(റ)ന്റെ കുറിപ്പടിയനുസരിച്ചുള്ള മരുന്നും തയ്യാറാക്കി ഉപയോഗിച്ചിരുന്നു; ഇംഗ്ലീഷ് മരുന്നുകളും. എന്നാൽ, ചുമ കൂടിക്കൊണ്ടിരുന്നു. ഇത് 1907-ലെ സംഭവമാണ്. അബ്ദുൽ ഹക്കീം മുർത്തദ്ദ് മസീഹ് മൗഊദിന്റെ ചുമ കൂടുന്നതറിഞ്ഞ്, മിർസാ സാഹിബ് ക്ഷയരോഗം ബാധിച്ച് മരിക്കുമെന്നുവരെ എഴുതിയിരുന്നു. അതുകൊണ്ട് തെറ്റായ രീതിയിൽ അയാൾക്ക് സന്തോഷത്തിന്റെ അടവെന്തെങ്കിലും പറയാനുള്ള സന്ദർഭം കിട്ടുമോ എന്നുള്ള ചിന്തയും ഞങ്ങൾക്കുണ്ടായി. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചുമയുടെ ബുദ്ധിമുട്ട് വളരെ അധികമായിരുന്നു. ആ അവസ്ഥയിൽ വെളിയിൽനിന്ന് ഏതോ സുഹൃത്ത് കുറച്ചു പഴങ്ങളുമായി വന്നു. ഞാൻ അത് ഹുദൂറിന്റെ മുന്നിൽവച്ചു. അവിടന്ന് ഏതോ ഒന്ന്, പഴമാണെന്നാണ് തോന്നുന്നത് എടുത്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഞാനായിരുന്നു മരുന്നുകളും മറ്റും കുടിപ്പിക്കാറുണ്ടായിരുന്നുത്. എന്നെ പഠിപ്പിക്കാൻ വേണ്ടിയാണെന്ന് തോന്നുന്നു, ചുമയുള്ളപ്പോൾ അത് കഴിക്കുന്നത്

നല്ലതാണോ എന്ന്  ചോദിച്ചു. കഴിക്കുന്നത് നല്ലതല്ലെന്ന് ഞാൻ പറഞ്ഞു. എന്നാൽ അവിടന്ന് പുഞ്ചിരിക്കാനും പഴംതൊലിച്ച് തിന്നാനും തുടങ്ങി. ചുമ വളരെ കഠിനമാണെന്നും ഇതു തിന്നുന്നത് നല്ലതല്ലെന്നും ഞാൻ വീണ്ടും പറഞ്ഞു. അവിടന്ന് പിന്നേയും പുഞ്ചിരിച്ചു. തിന്നുകൊണ്ടിരിക്കുകയും ചെയ്തു. ഞാൻ വീണ്ടും എന്റെ അജ്ഞതകൊണ്ട്, അതു തിന്നണ്ട, ദോഷമാണെന്ന് പറഞ്ഞു. അതുകേട്ടപ്പോൾ വീണ്ടും പുഞ്ചിരിച്ചുകൊണ്ട്, “ചുമ അകന്നിരിക്കുന്നു” എന്ന് എനിക്ക് ഇൽഹാമുണ്ടായിരിക്കുന്നുവെന്ന് പറഞ്ഞു. ചുമ ആ സമയത്ത് മാറിയിരുന്നു. വാസ്തവത്തിൽ ആ സമയത്ത് വല്ല മരുന്നും കഴിക്കുകയോ പഥ്യം പാലിക്കുകയോ ചെയ്തിരുന്നില്ല. എന്നല്ല പഥ്യം ലംഘിക്കുകയാണ് ചെയ്തത്. എന്നിട്ടും ചുമ അകന്നു. അതിനുമുമ്പേ ഒരു മാസം ചികിത്സ നടന്നുകൊണ്ടിരുന്നതാണ്. പക്ഷേ, ചുമ വിട്ടുമാറിയിരുന്നില്ല. ഇത് അല്ലാഹുവിന്റെ നിയന്ത്രണമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ സംഭവത്തിന്റെ ഉദാഹരണത്തിനുശേഷം ഒരു ഉദാഹരണം പറയുകയുണ്ടായി.  അത് ഈമാന് ഉന്മേഷം പകരുന്നു. അത് ലേഖ്റാമുമായി ബന്ധപ്പെട്ടതാണ്. ലേഖ്റാമിന്റെ സംഭവവും ‘അല്ലാഹു ഉദ്ദേശിച്ചാൽ ആരോഗ്യത്തിനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും രോഗമുണ്ടാകാവുന്നതാണ്’ എന്നതിന് ഉദാഹരണമായി സമർപിക്കാവുന്നതാണ്. പെരുന്നാളിന്റെ രണ്ടാംദിവസം ലേഖ്റാമിന്റെ  മരണമുണ്ടാകുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ഇൽഹാമുമുഖേന പറഞ്ഞിരുന്നു. യഥാർഥത്തിൽ ബാഹ്യമായ സാഹചര്യം അതിനെതിരായിരുന്നു. മാർച്ച് 6 അയാളുടെ മരണം വിധിക്കപ്പെട്ട ദിവസമായിരുന്നു. ലാഹോറിന് വെളിയിൽ നില്ക്കേണ്ട സാഹചര്യമായിരുന്നിട്ടും അയാൾ ലാഹോറിലെത്തി. നിശ്ചിതസമയത്ത് വധവും നടന്നു. ഇത് ആരോഗ്യത്തിന്റേയും സംരക്ഷണത്തിന്റേയും സാഹചര്യമുണ്ടായാലും മനുഷ്യൻ നാശമടയാവുന്നതാണെന്നതിന് ഉദാഹരണമാണ്. അല്ലാഹു മനുഷ്യന്റെ പ്രവർത്തനങ്ങളിൽ ഇടപെടുന്നു. അവൻ ആഗ്രഹിക്കുമ്പോൾ, ഏതുരീതിയിലാവണമെന്ന് ഉദ്ദേശിക്കുമ്പോൾ തന്റെ ഖുദ്റത്ത് അഥവാ ശക്തി പ്രഭാവം കാണിക്കുന്നു.

സാഹിബ് സാദ മിർസാ മുബാറക് അഹ്മദ് സാഹിബിന്റെ സംസാരമായിരുന്നു. ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ)പറഞ്ഞു: ഞങ്ങളുടെ ഒരു ഇളയ സഹോദരനുണ്ടായിരുന്നു. മുബാറക് അഹ്മദ് എന്നായിരുന്നു അവന്റെ പേര്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അവനെ വളരെ ഇഷ്ടമായിരുന്നു. എനിക്കോർമയുണ്ട്, ഞങ്ങൾ ചെറുതായിരിക്കുമ്പോൾ കോഴി വളർത്തലിനോട് വലിയ താൽപര്യമുണ്ടായി. നേരം വെളുത്തുടനെ ഞങ്ങൾ പോകുകയും കോഴിക്കൂട് തുറന്ന് മുട്ടകളെടുത്ത് എണ്ണുകയും പിന്നീട് ‘എന്റെ കോഴി ഇത്രമുട്ട തന്നു, എന്റെ കോഴി ഇത്രതന്നു’എന്ന് പറഞ്ഞ് മത്സരിക്കുകയും ചെയ്യുമായിരുന്നു. ഞങ്ങളുടെ ഈ പ്രത്യേക താൽപര്യത്തിൽ മുബ്റക് അഹ്മദും പങ്കെടുക്കുമായിരുന്നു. മുബാറക് അഹ്മദിന് സുഖമില്ലാതായപ്പോൾ ദാദി(സിയാൽക്കോട്ടിലെ ഒരു സ്ത്രീയാണ്. അവരെ മുബാറക് അഹ്മദിനെ നോക്കുന്നതിനുവേണ്ടി നിശ്ചയിച്ചിരുന്നതാണ്. ദാദി എന്നാണ് വിളിച്ചിരുന്നത്)പറഞ്ഞു:‘കോഴികളുടെ പിന്നാലെ എപ്പോഴും പോകുന്നതുകൊണ്ടാണ് ഇവന് സുഖമില്ലാതായത്. സ്ഥിരം അവിടെത്തന്നെയാണുണ്ടാകാറുള്ളത്. അഴുക്കായ സ്ഥലമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതുകേട്ടപ്പോൾ ഹദ്റത്ത് അമ്മാജാനോടു പറഞ്ഞു: ‘കോഴികൾ എണ്ണി നോക്കുക. കുട്ടികൾക്ക് അതിന്റെ വില കൊടുക്കുക. കോഴികളെ അറുത്ത് തിന്നുക.’ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മുബാറക് അഹ്മദിനെ വളരെ ഇഷ്ടമായിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത്രമാത്രം ശുശ്രൂഷിക്കുകയും സ്നേഹിക്കുയും ഓമനിക്കുകയും ചെയ്ത ആ മകൻ വഫാത്തായപ്പോഴുള്ള അവസ്ഥകളുടെ ചിത്രം  ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവിധ സ്ഥലങ്ങളിൽ കോറിയിട്ടിട്ടുണ്ട്. പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഞങ്ങളുടെ ഇളയ സഹോദരൻ മുബാറക് അഹ്മദിനോട് വളരെ ഇഷ്ടമായിരുന്നു. അവന് സുഖമില്ലാതായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്രമാത്രം ശ്രമത്തോടും ശ്രദ്ധയോടുംകൂടി അവനെ ചികിത്സിച്ചുവെന്നാൽ, മുബാറക് അഹ്മദ് വഫാത്തായാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് താങ്ങാൻ പറ്റാത്ത വിഷമമുണ്ടാകുമെന്ന് ചിലർ മനസ്സിലാക്കി. ഹദ്റത്ത് ഖലീഫ ഔവ്വൽ(റ) വലിയ സഹിഷ്ണുവും ധൈര്യവാനുമായിരുന്നു. മുബാറക് അഹ്മദ് വഫാത്താകുന്ന ദിവസം രാവിലെ സുബ്ഹി നമസ്കരിപ്പിച്ച് അവിടന്ന് മുബാറക് അഹ്മദിനെ നോക്കുന്നതിനുവേണ്ടി വന്നു. മുബാറക് അഹ്മദിന് മരുന്നു കൊടുക്കുക, അവനെ നോക്കുക തുടങ്ങിയ ജോലിയായിരുന്നു എനിക്കുണ്ടായിരുന്നത്. ഞാൻ തന്നെയാണ് നമസ്കാരത്തിനുശേഷം ഹദ്റത്ത് ഖലീഫ ഔവ്വലിനെ കൂട്ടിക്കൊണ്ടുവന്നതും. ഞാനുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫ ഔവ്വലുണ്ടായിരുന്നു. ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബുണ്ടായിരുന്നു. ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബും ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നത്. ഹദ്റത്ത് ഖലീഫ ഔവ്വൽ(റ)മുബാറക് അഹ്മദിനെ പരിശോധിക്കുന്നതിനുവേണ്ടി എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു,‘നല്ല അവസ്ഥയായിട്ടാണ് മനസ്സിലാകുന്നത്. കുട്ടി ഉറങ്ങിയിരിക്കുന്നു.’ എന്നാൽ, വാസ്തവത്തിൽ അത് അവസാന സമയമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ‘ഞാൻ ഖലീഫ ഔവ്വലിനെ കൂട്ടിക്കൊണ്ടുവന്നപ്പോൾ, ആ സമയത്ത് മുബാറക് അഹ്മദിന്റെ തല വടക്കോട്ടും തെക്കോട്ടു കാലുമായിരുന്നു. ഹദ്റത്ത് ഖലീഫ ഔവ്വൽ ഇടതുഭാഗത്ത് നിന്നു. അദ്ദേഹം നാഡിയിൽ കൈവെച്ചു. എന്നാൽ, നാഡിമിടിപ്പ് അദ്ദേഹത്തിന് അനുഭവപ്പെട്ടില്ല. അപ്പോൾ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു, ഹുദൂർ കസ്തൂരി കൊണ്ടു വരിക എന്ന് പറഞ്ഞു. സ്വയം കൈമുട്ടിന്റെ അടുത്തു വച്ച് നാഡി നോക്കാൻ തുടങ്ങി; അവിടെ നാഡിമിടിപ്പ് അനുഭവപ്പെട്ടാലോ എന്ന ധാരണയിൽ. എന്നാൽ, അവിടേയും നാഡി കിട്ടിയില്ല. പിന്നീട് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു, ‘ഹുദൂർ പെട്ടെന്ന് കസ്തൂരി കൊണ്ടു വരിക’ എന്ന് പറഞ്ഞു. സ്വയം കക്ഷത്തിന്റെ അടുക്കലേക്ക് കൈകൊണ്ടുപോയി, അവിടെ നാഡി കിട്ടുമോ എന്ന് നോക്കാൻ തുടങ്ങി. അവിടേയും നാഡി കിട്ടാതെവന്നപ്പോൾ പരിഭ്രമിച്ചുകൊണ്ടു ‘ഹുദൂർ വേഗം കസ്തൂരി കൊണ്ടുവരിക’ എന്നു പറഞ്ഞു. ഈ സമയം ഹദ്റത്ത മസീഹ് മൗഊദ്(അ) താക്കോൽ കൂട്ടങ്ങളിൽനിന്ന് താക്കോൽ തിരഞ്ഞെടുത്ത് ട്രങ്കിന്റെ പൂട്ട് തുറക്കുകയായിരുന്നു. അവസാനവട്ടം ഹദ്റത്ത് മൗലവി സാഹിബ് പരിഭ്രമിച്ചുകൊണ്ടു ‘ഹുദൂർ വേഗം കസ്തൂരി കൊണ്ടുവരിക’ എന്നു പറഞ്ഞപ്പോൾ, മുബാറക് അഹ്മദിന്റെ വഫാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് താങ്ങാൻ പറ്റാത്ത വിഷമമുണ്ടാക്കുമെന്ന ചിന്തയാൽ ധൈര്യവാനായിരുന്നിട്ടും ഹദ്റത്ത് ഖലീഫ ഔവ്വലിന്റെ കാലുകൾ വിറച്ചു. അദ്ദേഹത്തിന് നില്ക്കാൻ കഴിഞ്ഞില്ല. അദ്ദേഹം തറയിലിരുന്നു. ഹൃദയത്തിനടുത്ത് നാഡിമിടിപ്പുണ്ടാകുമെന്നും കസ്തൂരികൊണ്ട് അതിനെ പൂർവസ്ഥിതിയിലാക്കാമെന്നും അദ്ദേഹം കരുതിയിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ശബ്ദത്തിൽനിന്ന് പ്രതീക്ഷയില്ലെന്നത് വ്യക്തമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖലീഫ ഔവ്വലിന്റെ ഇടറിയ ശബ്ദം കേട്ടപ്പോൾ മുബാറക് അഹ്മദിന്റെ അന്ത്യനിമിഷമാണതെന്ന് മനസ്സിലാക്കി. അവിടന്ന് ട്രങ്ക് തുറക്കുന്നത് നിറുത്തി. പറഞ്ഞു, ‘മൗലവി സാഹിബേ മകൻ മരിച്ചുവെന്നാണ്

തോന്നുന്നത്. താങ്കൾ എന്തിനാണ് ഇത്രയും വിഷമിക്കുന്നുത്? ഇവൻ അല്ലാഹു നമുക്കു തന്ന ഒരു അമാനത്തായിരുന്നു. ഇപ്പോൾ അവൻ തന്റെ അമാനത്ത് കൊണ്ടുപേയി. നമ്മളതിൽ എന്തു പരാതിപ്പെടാനാണ്. നാം അല്ലാഹുവിന്റെ തൃപ്തിയിൽ പൂർണ മായും തൃപ്തനാണ്.' അങ്ങനെ ആ സമയംതന്നെ അവിടന്ന് ഇരുന്നുകൊണ്ട് സ്നേഹിതന്മാർക്ക് കത്തെഴുതാൻ തുടങ്ങി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് ഇതിനെക്കുറിച്ചു തന്നെ ഖാദിയാനിലെ ആളുകളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:'ഇവിടെ താമസിച്ചിരുന്ന ആളുകൾ കണ്ടിട്ടുണ്ടാകും, മൗലവി അബ്ദുൽകരീം സാഹിബിനും മുബാറക് അഹ്മദിനും അസുഖമുണ്ടായപ്പോൾ അവരുടെ രോഗശുശ്രൂഷയുടെ കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്രമാത്രം ശ്രദ്ധയാണുണ്ടായിരുന്നതെന്ന്. അവിടന്ന് തന്റെ ജമാഅത്തിന്റെ അഭിവൃദ്ധി അവരുടെ ജീവിതത്തിലാണ് കരുതിയിരുന്നതെന്ന് കാണുന്നവർക്ക് തോന്നുമായിരുന്നു. ആ ദിനങ്ങളിൽ അതിനെക്കുറിച്ചല്ലാതെ മറ്റൊരു സംസാരവുമില്ലായിരുന്നു. അതായത് എങ്ങനെയുള്ള ചികിത്സയാണ് വേണ്ടത്, ഏതുരീതിയിലാണ് ചികിത്സിക്കേണ്ടത് തുടങ്ങിയുള്ള സംസാരങ്ങൾ മാത്രമായിരുന്നു. പക്ഷേ, അവരുടെ വഫാത്തിന്റെ സമയത്ത് എന്താണുണ്ടായത്? രാവിലെ മുതൽ വൈകുന്നേരംവരെ അവരുടെ രോഗശുശ്രൂഷയെ കുറിച്ചുള്ള ചർച്ച നടന്നിരുന്ന സ്ഥാനത്ത് വിസ്മയിപ്പിക്കുംവിധം നിമിഷംകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ മാറിയത്. മൗലവി അബ്ദുൽ കരീം സാഹിബിന്റെ മരണ സമയത്താകട്ടെ, ഹദ്റത്ത് സാഹിബ് സാദ മുബാറക് അഹ്മദ് സാഹിബിന്റെ മരണ സമയത്താകട്ടെ അവിടന്ന് സന്തോഷത്തോടും, അങ്ങേയറ്റം പ്രസന്നവദനനായിക്കൊണ്ടും അവരുടെ മരണത്തെ സംബന്ധിച്ച് കാലേകൂട്ടി അല്ലാഹു അദ്ദേഹത്തോടു പറഞ്ഞിരുന്നുവെന്ന് തോന്നുംവിധമാണ് പ്രസംഗിച്ചുകൊണ്ടിരുന്നത്.

ഈ സംഭവം തന്നെ മറ്റൊരിടത്ത് ഇങ്ങനേയും പറഞ്ഞിരിക്കുന്നു:'മുബാറക് അഹ്മദിന്റെ മരണ ശേഷം അവിടന്ന് വീട്ടിൽ നിന്ന് വെളിയിൽ വന്നപ്പോൾ അവിടെ ആളുകളുണ്ടായിരുന്നു. വെളിയിൽ വന്ന് ഇരുന്നുടനെ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു, 'ഇത് അല്ലാഹുവിൽനിന്നുള്ള പരീക്ഷണമാണ്. ഇത്തരം പരീക്ഷണങ്ങളിൽ നമ്മുടെ ജമാഅത്ത് വിഷമിക്കരുത്. പിന്നീട് പറഞ്ഞു, മുബാറക് അഹ്മദിനെ സംബന്ധിച്ച് അവൻ ചെറുപ്രായത്തിൽതന്നെ ഉയർത്തപ്പെടുമെന്ന് മുമ്പേ ഇന്ന സമയത്ത് എനിക്ക് ഇൽഹാമുണ്ടായിരുന്നു. അല്ലാഹുവിന്റെ അടയാളം പൂർത്തിയായതുകൊണ്ട് ഇത് സന്തോഷത്തിന് കാരണമാണ്.' അതിനാൽ ഈ സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിന്റെ വിവിധ വശങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നു. കുട്ടിയ്ക്കുവേണ്ടിയുള്ള സേവനം, ചികിത്സിപ്പിക്കുന്നതിനുള്ള ചിന്ത, തന്റെ ഉറ്റ സ്നേഹിതന്റെ ചിന്ത, അദ്ദേഹത്തിന്റെ ചികിത്സയെകുറിച്ചുള്ള വിചാരം, പിന്നീട് അടയാളങ്ങൾ പുലരുമ്പോഴുള്ള സന്തോഷ പ്രകടനം, ദൈവവിധി അതിജയിക്കുമ്പോൾ ഒന്നുംതന്നെ സംഭവിച്ചിട്ടില്ല എന്നമട്ടിലുള്ള പ്രകടനം! ആ മഹാത്മാവ് അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനും ഉന്നതമായ ഉദ്ദേശ്യങ്ങളുടെ സാഫല്യത്തിനുംവേണ്ടി പൂർണമായും ശ്രമിക്കാൻ ജമാഅത്തംഗങ്ങളെ ഉപദേശിക്കുകയുണ്ടായി. യഥാർഥ ഉദ്ദേശ്യം അല്ലാഹുവിന്റെ ഇഷ്ടമാണ്. അവന്റെ സന്തോഷം കരസ്ഥമാക്കലാണ്. അവൻ നല്കിയുട്ടുള്ള വാർത്തകൾ പുലരുമ്പോൾ ഒരു ഭാഗത്ത് സമാധാനമുണ്ടാകുന്നതോടൊപ്പം മറുഭാഗത്ത് മനുഷ്യ സൃഷ്ടിക്ക് സേവനം ചെയ്യേണ്ട ആവശ്യം വരുമ്പോൾ പൂർണ ശക്തിയോടെ, പൂർണ ശ്രദ്ധയോടെ സേവനവും ചെയ്യേണ്ടതാണ്.

പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിക്കുന്നു. അല്ലാഹുവിന്റെ പരിപാലനത്തിന്റെ പ്രകടനമുണ്ടാകുന്നതിനുവേണ്ടി സൃഷ്ടികൾക്ക് ശാരീരിക സേവനവും ചെയ്യണം എന്നതുമായി ബന്ധപ്പെട്ടതാണിത്. പറയുന്നു:'ഒരു ദൃശ്യം എനിക്കൊരിക്കലും മറക്കാൻ പറ്റുകയില്ല. ഞാനന്ന് ചെറുതായിരുന്നു. പതിനാറോ പതിനേഴോ വയസ്സുണ്ടാകും. ആ സമയത്ത് ഞങ്ങളുടെ ഒരു ഇളയ സഹോദരി-കുറച്ചുമാസങ്ങൾ മാത്രമായിരുന്നു പ്രായം-വഫാത്തായി. ജനാസ നമസ്കാരത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) മയ്യിത്ത് കൈയിലെടുത്തു. ആ നേരത്ത് മിർസാ ഇസ്മായീൽ ബേഗ് സാഹിബ് മുന്നോട്ടു വന്ന്,'ഹുദൂർ എനിക്കു തന്നാലും ഞാൻ എടുത്തുകൊള്ളാം' എന്നു പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)തിരിഞ്ഞ് അദ്ദേഹത്തെ നോക്കിക്കൊണ്ടു പറഞ്ഞു:'ഇതെന്റെ മോളാണ്.' അതായത് മകളായ കാരണത്താൽ അവൾക്ക് അവസാനമായി ചെയ്യാവുന്ന ഒരു ശാരീരിക സേവനം ഇതാണ്. ഞാൻ തന്നെ അവളെ എടുത്തു കൊണ്ട് പോകട്ടെ.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഇതുകൊണ്ടുദ്ദേശിച്ചത് റബ്ബുൽആലമീന്റെ പ്രതിച്ഛായയാകാൻ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടികൾക്ക് ശാരീരിക സേവനം ചെയ്യേണ്ടത് നിങ്ങൾക്കും നിർബന്ധമാണെന്നാണ്. നിങ്ങൾ ദീനീസേവനത്തിൽ നിങ്ങളുടെ മുഴുവൻ മുതലും കൊടുത്താലും മുഴുവൻ വരുമാനവും ഇസ്‌ലാമിക പ്രചാരണത്തിനായി ചെലവഴിച്ചാലും നിങ്ങൾ അധിപതിത്വത്തിന്റെ പ്രതിച്ഛായയാകും. അല്ലെങ്കിൽ ഉടമസ്ഥതയുടെ പ്രതിച്ഛായയാകും. എന്നാൽ, റബ്ബുൽആലമീന്റെ പ്രതിച്ഛായയാകുകയില്ല. കാരണം റബ്ബുൽആലമീന്റെ പ്രതിച്ഛായയാകുന്നതിന് നിങ്ങൾ സ്വന്തം കൈകൊണ്ട് പ്രവർത്തിക്കേണ്ടതും സാധുക്കൾക്ക് സേവനം ചെയ്യേണ്ടതും നിർബന്ധമാണ്. ഇത് റബ്ബുൽആലമീന്റെ പ്രതിച്ഛായയാകുന്നതിനുള്ള മനോഹരമായ വിശദീകരണമാണ്. സ്വന്തംകൈകൊണ്ട് സ്വന്തക്കാർക്കുമാത്രമല്ല മറിച്ച് അന്യർക്കും സേവനം ചെയ്യാൻ ശ്രമിക്കുക. ചിന്തിക്കുകയാണെങ്കിൽ ഇതിന് വലിയ വിശാലമായ ഫലങ്ങളാണുള്ളത്. അത് ജനതയെ പരസ്പരം ശക്തമായി ബന്ധിപ്പിക്കുന്നു. പരസ്പരം സേവനം ചെയ്യുന്നതുകൊണ്ട്-സമൂഹത്തിലെ ഓരോ വിഭഗവും അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ-മനോഹരമായ സമൂഹമായിത്തീരുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തവക്കുൽ, ദുആയുടെ സ്വീകാര്യത, തന്റെ സത്യത്തിലുള്ള ദൃഢമായ വിശ്വാസം എന്നതിനുള്ള ഒരു സംഭവം വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഒരിക്കൽ കപൂർത്തലയിലെ അഹ്മദികളും അനഹ്മദികളും തമ്മിൽ അവിടെത്തെ ഒരു മസ്ജിദിനെ സംബന്ധിച്ച് കേസുണ്ടായി. ഈ കേസ് കൈകാര്യം ചെയ്തിരുന്ന ജഡ്ജി ശത്രുതാപരമായ രീതി കൈക്കൊണ്ടു. അപ്പോൾ കപൂർത്തലയിലെ ജമാഅത്ത് പരിഭ്രമിച്ചുകൊണ്ട് ദുആക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എഴുതി. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവർക്ക് മറുപടി എഴുതി: 'ഞാൻ സത്യവാനാണെങ്കിൽ മസ്ജിദ് നിങ്ങൾക്കു കിട്ടുന്നതാണ്.' എന്നാൽ, മറുഭാഗത്ത് ജഡ്ജി തന്റെ ശത്രുത തുടർന്നുകൊണ്ടിരുന്നു. അവസാനം അയാൾ അഹ്മദികൾക്കെതിരിൽ വിധിയെഴുതി. എന്നാൽ, രണ്ടാം ദിവസം വിധി കേൾപ്പിക്കുന്നതിനുവേണ്ടി അയാൾ കോടതയിൽ പോകാൻ തയ്യാറെടുക്കുമ്പോൾ ജോലിക്കാരനോടു പറഞ്ഞു, 'എനിക്ക് ഷൂ ഇട്ടു തരിക.' ഒരു ഷൂ ഇട്ട് രണ്ടാമത്തേത് ഇടാൻ തുടങ്ങുമ്പോൾ 'ഘട്ട്' എന്നൊരു ശബ്ദം വന്നു. ജോലിക്കാരൻ മുകളിലേക്ക് നോക്കിയപ്പോൾ ജഡ്ജിയുടെ ഹാർട്ട് ഫെയിലായി കഴിഞ്ഞിരുന്നു. അയാളുടെ മരണത്തോടെ മറ്റൊരു ജഡ്ജി നിയമിക്കപ്പെട്ടു. അദ്ദേഹം ആദ്യ വിധി മാറ്റി നമ്മുടെ ജമാഅത്തിന് അനുകൂലമായി വിധിയെഴു

തി. അത് സ്നേഹിതന്മാർക്ക് വലിയൊരു ദൃഷ്ടാന്തമായിത്തീർന്നു. അവരുടെ ഈമാൻ ആകാശംമുട്ടെ ഉയർന്നു. തന്റെ നബിമാർ മുഖേന തുടർച്ചയായി അദൃശ്യകാര്യങ്ങൾ നല്കുന്നു എന്നത് അല്ലാഹുവിന്റെ സുന്നത്താണ്. അതു പുലരുമ്പോൾ സത്യവിശ്വാസികളുടെ ഈമാൻ വീണ്ടും വർധിക്കാൻ തുടങ്ങുന്നു. ഈ അദൃശ്യകാര്യങ്ങളുടെതന്നെ ഫലമായി നബി(സ)തിരുമേനിയുടെമേൽ വിശ്വസിച്ചിരുന്നവരുടെ മനസ്സ് എത്രമാത്രം ശക്തമായിരുന്നുവെന്ന് വച്ചാൽ, ആളുകൾ മരണംകണ്ട് കരയുമ്പോൾ, സ്വഹാബിമാരിൽ ആർക്കെങ്കിലും അല്ലാഹുവിന്റെ വഴിയിൽ ബലിദാനം നടത്തേണ്ട അവസരം കിട്ടിയാൽ അവർ സന്തോഷത്തോടെ അതിലേക്കെടുത്ത് ചാടുമായിരുന്നു. അവർ പറയുമായിരുന്നു *'ഫുസ്തു ബിറബ്ബിൽ കഅ്ബ, ഫുസ്തു ബിറബ്ബിൽ കഅ്ബ'* കഅ്ബയുടെ നാഥനാണ! ഞാൻ വിജയിച്ചിരിക്കുന്നു. കഅ്ബയുടെ നാഥനാണ! ഞാൻ വിജയിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു കശ്ഫ് ഏതാനും മിനിറ്റുകൾക്കുള്ളിൽ പുലർന്ന സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ചിലപ്പോൾ ജാഗ്രാവസ്ഥയിൽ ഒരു ദൃശ്യം കാണിക്കപ്പെടുന്നു. എന്നാൽ, അത് വ്യാഖ്യാനാർഹമായിരിക്കുകയില്ല. മറിച്ച് അല്ലാഹു മനുഷ്യനെ ഏതു വിധം പ്രഭാതവെളിച്ചംപോലെ ദൃശ്യം കാണിക്കുന്നുവോ അതുപോലെ വെളിപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജാഗ്രദർശനങ്ങളിൽ നമുക്ക് ഇതിന് ഉദാഹരണങ്ങൾ കിട്ടുന്നു.

മുബാറക് അഹ്മദ് പായയുടെ അടുത്ത് വീണു കിടക്കുന്നതായും ഗുരുതരമായി പരിക്കേറ്റിട്ടുള്ളതായും ഒരിക്കൽ ജാഗ്രാവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)കണ്ടു. ഈ ദർശനം കണ്ട് മൂന്നുമിനിറ്റുപോലും കഴിഞ്ഞിട്ടുണ്ടാവില്ല, പായയുടെ അടുത്ത് നില്ക്കുകയായിരുന്ന മുബാറക് അഹ്മദ് കാല് തെറ്റി വീണു. ഗുരുതരമായി പരിക്കേറ്റു. അവന്റെ വസ്ത്രം രക്തംകൊണ്ട് നിറഞ്ഞു.

പിന്നീട് ഖാദിയാന്റെ പ്രാരംഭകാലത്തെ രേഖാചിത്രം, ഖാദിയാന് പിന്നീടുണ്ടായ അഭിവൃദ്ധി, ജമാഅത്തിന്റെ പുരോഗതി എന്നിവയെ സ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ആരും ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് അദ്ദേഹത്തോടൊപ്പം ആയിരക്കണക്കിന് ആളുകളുണ്ടായ ഒരു കാലവും വന്നു. ഇപ്പോൾ ലക്ഷക്കണക്കിനായിട്ടുണ്ട്. ഒരു കാലത്ത് പഞ്ചാബിലും അദ്ദേഹത്തെ വിശ്വസിച്ച ആരുമുണ്ടായിരുന്നില്ല. ഇപ്പോൾ ഇൻഡ്യയിലെന്നുമാത്രമല്ല മറിച്ച് എല്ലാ വൻകരകളിലും അഹ്മദികൾ വ്യാപിച്ചു കഴിഞ്ഞു. ജനങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുന്നില്ല എന്നു പറയുന്നത് സത്യമാണെങ്കിൽ പിന്നെ ഇത്രയുമാളുകൾ എവിടെനിന്നു വന്നു? അഹ് മദിയ്യാ ജമാഅത്തിനേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ലോകം വിശ്വസിക്കുന്നില്ലെങ്കിൽ ഇക്കണ്ട ആളുകളൊക്കെ എവിടെന്ന് വന്നു? ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ രാജ്യങ്ങൾതന്നെ അഹ്മദികളായിക്കൊണ്ടിരിക്കുന്നു.അല്ലെങ്കിൽ അവിടെ അഹ്മദിയ്യത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

അതുകൊണ്ട് ഈ സംഭവങ്ങൾ തീർച്ചയായും ഈമാനിലും യഖീനിലും വർധനവുണ്ടാക്കുന്നതാണ്. അല്ലാഹു എല്ലാവരേയും ഈമാനിലും യഖീനിലും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. നമ്മളെല്ലാവരും ജമാഅത്തിന് ഫലപ്രദരായിത്തീരട്ടെ.

ഖുത്ബയുടെ അവസാനം ഹുദൂർ അൻവർ, കറാച്ചിയിലെ സയ്യിദ് മഹ്മൂദ് അഹ്മദ് ശാഹ് സാഹിബിന്റെ ഭാര്യ നസീം മഹ്മൂദ് സാഹിബയെ അനുസ്മരിച്ചു. അവർ ക്യാൻസർ ബാധയെ തുടർന്ന് 2015 ഏപ്രിൽ 27 ന് 58-ാം വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതയുടെ സൽഗുണങ്ങളും സേവനങ്ങളും സ്മരിച്ചതിനുശേഷം ഹുദൂർ അൻവർ ദുആ ചെയ്തു. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ ദുആകളുടെ അനന്തരാവകാശികളാക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 01.05.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala